I ഇ.ബി. XIV - കേരള നിയമസഭ /X-19

**പതിനാലാം കേരള നിയമസഭ**

പത്താം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2018 മാർച്ച് 27, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

I **അടിയന്തരപ്രമേയം**

നാഷണൽ ഹൈവേ വികസനം

മി. സ്പീക്കർ: നാഷണൽ ഹൈവേ വികസനവുമായി ബന്ധപ്പെട്ട നഷ്ടപരിഹാരം, അശാസ്ത്രീയ അലൈൻമെന്റ് എന്നിവ സംബന്ധിച്ച് നിലനിൽക്കുന്ന ആശയക്കുഴപ്പംമൂലം പല പ്രദേശങ്ങളിലും സംഘർഷാവസ്ഥ നിലനിൽക്കുന്നതുകൊണ്ടും ഇതിന് പരിഹാരം കാണാൻ നടപടി സ്വീകരിക്കാത്തതുമൂലവും ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ

കെ.എൻ.എ. ഖാദർ, എ. പി. അനിൽ കുമാർ, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): അടിയന്തരപ്രമേയ നോട്ടീസിൽ ഉന്നയിച്ചിട്ടുള്ള ചില കാര്യങ്ങൾ അടിസ്ഥാനരഹിതവും വാസ്തവ വിരുദ്ധവുമാണ്. വികസനത്തിന് തടയിടാൻ ചില ആളുകൾ ബോധപൂർവ്വം നടത്തുന്ന ശ്രമത്തിന്റെ ഭാഗമായാണ് ഇപ്പോഴത്തെ സ്ഥിതിവിശേഷം സംജാതമായിട്ടുള്ളത്. 2013-ൽ യു.ഡി.എഫ്. സർക്കാർ മലപ്പുറം ജില്ലയിലെ എൻ.എച്ച്. വികസനത്തിനായി ആരംഭിച്ച സർവ്വേ നടപടികൾ തൃശ്ശൂർ മുതൽ പൊന്നാനി വരെയുള്ള ഭാഗങ്ങളിൽ പൂർത്തീകരിക്കുകയും തുടർ നടപടി സ്വീകരിക്കാത്തതിനാൽ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ പ്രോജക്ടിൽ നിന്നും പിൻമാറുകയും ചെയ്തു. ഈ സർക്കാർ അധികാരമേറ്റശേഷം ഭൂമി ഏറ്റെടുക്കൽ നടപടി പുനരാരംഭിക്കുകയും കുറ്റിപ്പുറം മുതൽ വളാഞ്ചേരി വരെയുള്ള ഭാഗങ്ങളിലെ സർവ്വേയും കല്ലിടൽ നടപടിയും പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. നഷ്ടപരിഹാരമുൾപ്പെടെയുള്ള വിഷയങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്യാൻ ഡെപ്യൂട്ടി കളക്ടറുടെ നേതൃത്വത്തിൽ യോഗം നടത്തിവരികയാണ്. കുറ്റിപ്പുറം-വളാഞ്ചേരി പ്രദേശത്തെ ആരാധനാലയങ്ങളെ ബാധിക്കാത്ത വിധത്തിലുള്ള റോഡ് വികസനപ്രവർത്തനങ്ങൾക്ക് മുൻഗണന നൽകാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

കാര്യങ്ങളിൽ വ്യക്തത വരുത്തുന്നതിനും ആശങ്ക ദൂരീകരിക്കുന്നതിനുമായി ബന്ധപ്പെട്ട എം.എൽ.എ.മാർ, ജില്ലാ കളക്ടർ, പി.ഡബ്ല്യൂ.ഡി. സെക്രട്ടറി, എൻ.എച്ച്.എ. അധികൃതർ എന്നിവരുമായി വീണ്ടും ചർച്ച നടത്താവുന്നതാണ്. ഹൈവേ വികസനവുമായി ബന്ധപ്പെട്ട് വീടുകളും സ്ഥലങ്ങളും കടകളും മറ്റ് സ്ഥാപനങ്ങളും നഷ്ടപ്പെടുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി 2014-ൽ പുറപ്പെടുവിച്ച നോട്ടിഫിക്കേഷനിൽ ഭേദഗതി വരുത്തി ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചതിനുപുറമെ ഭൂമി നഷ്ടപ്പെടുന്നവർക്ക് പരമാവധി കോമ്പൻസേഷൻ ലഭ്യമാക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുന്നതാണ്.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: നാഷണൽ ഹൈവേ വികസനവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന സംഘർഷത്തിന് പരിഹാരമെന്ന നിലയിൽ വീടും സ്ഥലവും ജീവനോപാധികളും നഷ്ടമാകുന്നവർക്ക് ബോധവൽക്കരണം നൽകുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ നിയോഗിക്കണം. അശാസ്ത്രീയ അലൈൻമെന്റ് സംബന്ധിച്ച കാര്യം പരിശോധനാ വിധേയമാക്കുന്നതിനും നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കുന്നതിനും പുനരധിവാസ പാക്കേജ് നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കണം. സംഘർഷ ബാധിത പ്രദേശം സന്ദർശിക്കാനും സർവ്വകക്ഷിയോഗം വിളിക്കാനും തയ്യാറാകണം. ഗവൺമെന്റ് സ്ഥലം പരമാവധി ഉപയോഗപ്പെടുത്തിയതിനുശേഷം മാത്രം സ്വകാര്യ വ്യക്തികളുടെ ഭൂമി

ഏറ്റെടുക്കുകയുള്ളൂ എന്ന നിബന്ധന പ്രാവർത്തികമാക്കണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): ചേർത്തല മുതൽ കഴക്കൂട്ടം വരെയുള്ള ദേശീയപാതയുടെ നിർമ്മാണപ്രവർത്തനങ്ങൾ നവംബറിൽ തുടങ്ങുന്നതിനുള്ള നടപടികളായിട്ടുണ്ട്. ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ട് പരാതിയുണ്ടെങ്കിൽ ജില്ലാ കളക്ടർ, ബന്ധപ്പെട്ട എം.എൽ.എ.-മാർ, പി.ഡബ്ല്യൂ.ഡി. സെക്രട്ടറി, എൻ.എച്ച്.എ. ഉദ്യോഗസ്ഥർ എന്നിവരുമായി ചർച്ച നടത്താവുന്നതാണ്. 2013-ലെ പാർലമെന്റ് കോമ്പൻസേഷൻ ആക്ടിൽ കാലോചിതമായ മാറ്റം വരുത്തണമെങ്കിൽ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടാവുന്നതാണ്. സ്ഥലമേറ്റെടുക്കുമ്പോൾ നഷ്ടപരിഹാരമായി മാർക്കറ്റ് വാല്യൂവിന്റെ മൂന്നിരട്ടി തുകയും ബിൽഡിംഗിന്റെ വിലയും എന്നാണോ ഈ പണം വാങ്ങുന്നത് അത്രയും കാലംവരെ 12 ശതമാനം പലിശയും റെന്റും കൊടുക്കാനാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. കൂടാതെ അവിടെയുള്ള സാധനങ്ങൾ ഷിഫ്റ്റ് ചെയ്യുന്നതിന് 50,000 രൂപയും തൊഴിൽ നഷ്ടപ്പെടുന്നവർക്ക് ആറ് മാസത്തേയ്ക്ക് കോമ്പൻസേഷനും സംസ്ഥാന ഗവൺമെന്റിന്റെ റീഹാബിലിറ്റേഷൻ പദ്ധതിയിലൂടെ മൂന്നുസെന്റ് സ്ഥലവും കൊടുക്കുന്നുണ്ട്. സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട് നിയമസഭയിലും പാർലമെന്റിലും പ്രാതിനിധ്യമുള്ള രാഷ്ട്രീയ പാർട്ടി നേതാക്കളെയും

ബന്ധപ്പെട്ട എം.എൽ.എ.-മാരെയും വിളിച്ച് ചർച്ച ചെയ്യുന്ന കാര്യം മുഖ്യമന്ത്രിയുമായി ആലോചിച്ച് തീരുമാനിക്കുന്നതാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): വികസന പ്രവർത്തനങ്ങൾക്കായി ജനസാന്ദ്രതയുള്ള പ്രദേശത്ത് ഭൂമിയേറ്റെടുക്കേണ്ടി വരുമ്പോഴുണ്ടാകുന്ന പ്രശ്നങ്ങളെ എങ്ങനെ സമീപിക്കുന്നുവെന്നുള്ളത് പ്രാധാന്യമർഹിക്കുന്ന കാര്യമാണ്. ജനങ്ങളെ വിശ്വാസത്തിലെടുക്കുകയും അവരുടെ ആശങ്കകൾ ദൂരീകരിക്കുകയും മെച്ചപ്പെട്ട പുനരധിവാസ പാക്കേജ് പ്രഖ്യാപിക്കുകയും ചെയ്തുകൊണ്ടുവേണം വൻകിട പദ്ധതികൾക്കാവശ്യമായ ഭൂമിയേറ്റെടുക്കേണ്ടത്. നാഷണൽ ഹൈവേയ്ക്കുവേണ്ടി ഭൂമിയേറ്റെടുക്കുന്ന പ്രദേശങ്ങളിലെ ജനങ്ങൾക്ക് 2013-ലെ കോമ്പൻസേഷൻ ആക്ട് അനുസരിച്ചുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കേണ്ടതുണ്ട്. സർവ്വകക്ഷി യോഗം വിളിച്ചുകൂട്ടാമെന്നും ആശങ്കകൾ ദൂരീകരിക്കാമെന്നുമുള്ള ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസ്താവനയെ സ്വാഗതം ചെയ്യുന്നു.

## II ശ്രദ്ധക്ഷണിക്കൽ

(1) മുസിരിസ്, തലശ്ശേരി പൈതൃക ടൂറിസം പദ്ധതികൾ

ശ്രീ. എ. എൻ. ഷംസീർ: കേരളത്തിന്റെ ടൂറിസം സാധ്യതകൾ ഫലപ്രദമായി

വിനിയോഗിക്കുന്ന നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കി വരുന്നതിലൂടെ ടൂറിസം മേഖലയിൽ വലിയ മാറ്റങ്ങളുണ്ടാക്കാൻ സംസ്ഥാന സർക്കാരിന് സാധിക്കുന്നുണ്ട്. മുസിരിസ്, തലശ്ശേരി, ആലപ്പുഴ തുടങ്ങിയ പൈതൃക ടൂറിസം പദ്ധതികൾ സമയബന്ധിതമായി യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): മുസിരിസ് പൈതൃക പദ്ധതിയിലെ ആദ്യഘട്ടം പൂർത്തിയാക്കുകയും രണ്ടാംഘട്ട പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിന് മുഴുവൻ സമയ സർക്കാർ ഉദ്യോഗസ്ഥനെ കമ്പനിയുടെ മാനേജിംഗ് ഡയറക്ടറായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ പദ്ധതി രൂപരേഖ സമർപ്പിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതും നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഇൻകെൽ-നെ ചുമതലപ്പെടുത്തുന്നതുമാണ്. തലശ്ശേരി പൈതൃക പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## (2) സർക്കാർ, അർദ്ധസർക്കാർ, എയ്ഡഡ് സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുടെ ദീർഘകാല അവധിയെടുക്കൽ

ശ്രീ. പി. കെ. ബഷീർ: സർക്കാർ, അർദ്ധ സർക്കാർ, എയ്ഡഡ്

സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ ദീർഘകാല അവധിയെടുത്ത് മറ്റ് ജോലികൾ ചെയ്തശേഷം തിരികെ ജോലിയിൽ പ്രവേശിച്ച് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നേടിയെടുക്കുന്ന പ്രവണത ഒഴിവാക്കുന്നതിനും ഉത്തരവാദപ്പെട്ട തസ്തികകളിൽ നിയമിതരായവർ ദീർഘകാലം പുറത്തുനിൽക്കുന്നതിലൂടെ സർക്കാർ സ്ഥാപനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിനും നിലവിലുള്ള നിയമങ്ങളിൽ കാലോചിതമായ പരിഷ്കാരങ്ങൾ കൊണ്ടുവരാൻ സർക്കാർ തയ്യാറാകണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): റെഗുലർ സർവ്വീസിൽ പ്രവേശിക്കുന്ന ഉദ്യോഗസ്ഥർക്ക് വിദേശത്തോ സ്വദേശത്തോ മറ്റ് ജോലികൾ സ്വീകരിക്കുന്നതിന് നിലവിലുള്ള ചട്ടങ്ങൾ പ്രകാരം പരമാവധി 20 വർഷം വരെ അനുവദിച്ചിട്ടുള്ള ശൂന്യവേതനാവധി അർദ്ധസർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും ബാധകമാണ്. ഉന്നത യോഗ്യതയുള്ള ഡോക്ടർമാർ, എഞ്ചിനീയർമാർ, ശാസ്ത്രജ്ഞർ എന്നിവർക്കും ജീവനക്കാരുടെ ദൗർലഭ്യം നേരിടുന്ന തസ്തികകൾക്കും പ്രസ്തുത അവധി പരിമിതമായേ അനുവദിക്കാവൂ എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. വിരമിക്കൽ തീയതിക്ക് ഒരു വർഷം മുമ്പ് വരെ മാത്രമാണ് അവധി അനുവദിക്കുന്നത്. അവധിയെടുക്കുന്ന കാലയളവ് പ്രൊമോഷനും

പെൻഷനും ഉൾപ്പെടെയുള്ള യാതൊരു ആനുകൂല്യങ്ങൾക്കും പരിഗണിക്കുന്നതല്ല. അവധി ഒഴിവുകളിൽ പി.എസ്.സി. മുഖേന ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതുകൊണ്ട് പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകുന്നില്ല.

## III സബ്മിഷൻ

### (1) നിർമ്മാണപ്രവർത്തനങ്ങൾക്ക് നിയന്ത്രണം

(ശ്രീ. എസ്. രാജേന്ദ്രൻ എം.എൽ.എ.യും പ്രസ്തുത വിഷയം സംബന്ധിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.)

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): മൂന്നാർ മേഖലയിലെ വില്ലേജുകളിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തുകയും റിലയൻസിന് മൊബൈൽ ടവർ നിർമ്മിക്കാൻ ചട്ടങ്ങളിൽ ഇളവനുവദിക്കുകയും ചെയ്യുന്ന സർക്കാർ നിലപാട് തിരുത്തി സാധാരണക്കാരെ സഹായിക്കുന്ന സമീപനം സ്വീകരിക്കണം.

ശ്രീ. എസ്. രാജേന്ദ്രൻ: മൂന്നാർ മേഖലയിലെ നിർമ്മാണപ്രവർത്തനങ്ങൾക്ക് എൻ.ഒ.സി. നൽകുന്നതുമായി ബന്ധപ്പെട്ട് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): മൂന്നാർ പ്രദേശത്ത് കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് റവന്യൂ വകുപ്പിൽ

നിന്നുള്ള എൻ.ഒ.സി. ലഭ്യമാക്കണമെന്നും റവന്യൂ, തദ്ദേശ സ്വയംഭരണം, പോലീസ്, വനം എന്നീ വകുപ്പുകൾ എൻ.ഒ.സി. ഇല്ലാതെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നില്ലെന്ന് ഉറപ്പുവരുത്തണമെന്നും കേരള ഹൈക്കോടതി ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മൂന്നാർ സ്പെഷ്യൽ ട്രൈബ്യൂണലിന്റെ അധികാര പരിധിയിൽ വരുന്ന എട്ട് വില്ലേജുകളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് റവന്യൂ വകുപ്പിന്റെ എൻ.ഒ.സി. വേണമെന്ന നിബന്ധന ഏർപ്പെടുത്തിയിട്ടുണ്ട്. പതിവ് ചട്ടങ്ങൾ പ്രകാരം പതിച്ചുകിട്ടിയ ഭൂമിയിൽ വീടുകൾ നിർമ്മിക്കുന്നതിനുള്ള അപേക്ഷകൾ പരിഗണിച്ച് സമയബന്ധിതമായി എൻ.ഒ.സി. നൽകുന്നതിന് ദേവികുളം സബ്കളക്ടർക്ക് അനുവാദം നൽകിയിട്ടുണ്ട്. ഹൈക്കോടതി ഉത്തരവിന് വിധേയമായി എൻ.ഒ.സി. നൽകുന്ന കാര്യത്തിൽ തീരുമാനമെടുക്കാവുന്നതാണ്. പതിച്ചു നൽകിയ ഭൂമിയിൽ വീട് നിർമ്മിക്കുന്നതിനും പുതുക്കിപ്പണിയുന്നതിനും എൻ.ഒ.സി. ലഭിക്കുന്നതിൽ പ്രയാസം നേരിടുന്നുണ്ടെങ്കിൽ അക്കാര്യം പരിശോധിച്ച് പരിഹാര നടപടി സ്വീകരിക്കുന്നതാണ്. റിലയൻസിന് മൊബൈൽ ടവർ നിർമ്മിക്കുന്നതിന് ചട്ടങ്ങളിൽ ഇളവ് നൽകിയതിനെക്കുറിച്ച് പരിശോധിക്കുന്നതാണ്.

## (2) <u>പോസ്റ്റ്മോർട്ടം ഒഴിവാക്കൽ</u>

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സ്വാഭാവിക മരണം സംഭവിച്ചവരുടെ മൃതദേഹം

പോസ്റ്റ്മോർട്ടം ചെയ്യുന്നത് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പോസ്റ്റ്മോർട്ടം നടത്തുന്നത് സംബന്ധിച്ച് തീരുമാനം എടുക്കുന്നതിന് ക്രിമിനൽ നടപടി സംഹിതപ്രകാരവും കേരള പോലീസ് മാന്വൽ പ്രകാരവും പോലീസുദ്യോഗസ്ഥന് വിവേചനാധികാരം നൽകിയിട്ടുണ്ട്. മരണകാരണം സംബന്ധിച്ച് എന്തെങ്കിലും സംശയമുണ്ടാകുകയോ മറ്റെന്തെങ്കിലും കാരണത്താൽ അന്വേഷണ ഉദ്യോഗസ്ഥന് പോസ്റ്റ്മോർട്ടം ആവശ്യമാണെന്ന് തോന്നുകയോ ചെയ്യുന്നപക്ഷം മാത്രമേ മൃതശരീരം പോസ്റ്റ്മോർട്ടം ചെയ്യുകയുള്ളൂ. ബന്ധപ്പെട്ട പോലീസ് ഓഫീസറെ സമീപിച്ച് സ്വാഭാവിക മരണമാണെന്ന് രേഖകൾ മുഖാന്തരം ബോദ്ധ്യപ്പെടുത്തി ബന്ധുക്കൾക്ക് മൃതശരീരം ഏറ്റുവാങ്ങാവുന്നതാണ്. ദൃക്സാക്ഷികളുടെ വാക്കുകൾ കണക്കിലെടുത്ത് പോസ്റ്റ്മോർട്ടം നടത്താതെ മൃതദേഹം വിട്ടുകൊടുക്കുന്നത് ദുരൂഹതകൾക്ക് ഇടയാകാറുണ്ട്. ഇക്കാരണത്താൽ നിലവിലുള്ള സംവിധാനത്തിൽ മാറ്റം വരുത്താൻ പരിമിതിയുണ്ട്.

## (3) സ്ഥലം അനുവദിക്കൽ

ശ്രീ. ആർ. രാമചന്ദ്രൻ: കുമ്പളത്ത് ശങ്കുപ്പിള്ളയുടെ പൂർണ്ണകായ പ്രതിമ സ്ഥാപിക്കുന്നതിന് തിരുവനന്തപുരം നഗരത്തിൽ സ്ഥലം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): മുൻ കെ.പി.സി.സി. പ്രസിഡന്റും ചരിത്രപ്രസിദ്ധനുമായ കുമ്പളത്ത് ശങ്കുപ്പിള്ളയുടെ പ്രതിമ സ്ഥാപിക്കുന്നതിന് സ്ഥലം അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): കുമ്പളത്ത് ശങ്കുപ്പിള്ളയുടെ പൂർണ്ണകായ പ്രതിമ സ്ഥാപിക്കുന്നതിന് അനുയോജ്യമായ റവന്യൂ ഭൂമിയോ സർക്കാർ ഭൂമിയോ തിരുവനന്തപുരം നഗരപരിധിക്കുള്ളിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. മറ്റ് വകുപ്പുകളുടെ കൈവശമുള്ള നിലവിൽ ഉപയോഗമില്ലാത്ത ഭൂമി ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും സമ്മതപത്രം ലഭ്യമാക്കി കൈമാറുന്ന കാര്യം പരിശോധിച്ചുവരികയാണ്.

### (4) കോർട്ട് കോംപ്ലക്സിന് സ്ഥലം അനുവദിക്കൽ

ശ്രീ. റോജി എം. ജോൺ: അങ്കമാലിയിൽ കോർട്ട് കോംപ്ലക്സ് സ്ഥാപിക്കാൻ സ്ഥലം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): അങ്കമാലി നിയോജകമണ്ഡലത്തിൽ കോർട്ട് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി ഇറിഗേഷൻ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഭൂമി അനുവദിക്കുന്നത് സംബന്ധിച്ച് പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് എറണാകുളം ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. മേൽ

വിഷയത്തിലുള്ള അഭ്യർത്ഥന ജില്ലാ ജഡ്ജി ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുള്ളതും വിലനിർണ്ണയ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് ആലുവ തഹസിൽദാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്.

(5) കാർഷിക സേവന കേന്ദ്രം

ശ്രീ. സി. കൃഷ്ണൻ: പയ്യന്നൂർ ബ്ലോക്ക് കാർഷിക സേവന കേന്ദ്രത്തെ മാതൃകാ സേവന കേന്ദ്രമാക്കി ഉയർത്തി പ്രവർത്തനം വിപുലീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): പയ്യന്നൂർ ബ്ലോക്ക് കാർഷിക സേവന കേന്ദ്രത്തെ മാതൃകാ സേവന കേന്ദ്രമാക്കി മാറ്റുന്നതിന് 2 കോടി രൂപയുടെ പ്രൊപ്പോസൽ സർക്കാരിന് ലഭിച്ചിട്ടുണ്ട്. നിലവിൽ മാതൃകാ സേവന കേന്ദ്രങ്ങൾക്ക് പരമാവധി 25 ലക്ഷം രൂപയാണ് ധനസഹായം അനുവദിക്കുന്നത്. പ്രസ്തുത പ്രൊപ്പോസലിന് പ്രത്യേക അനുമതി ലഭ്യമാകുന്ന മുറയ്ക്ക് സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയനുസരിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(6) ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ

ശ്രീ. അനിൽ അക്കര: ആംബുലൻസിന് ഫിറ്റ്നസ് സർട്ടിഫിക്കറ്റും ഡ്രൈവർമാർക്ക് ലൈസൻസും നൽകുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിക്കുകയും

സമഗ്ര പഠനം നടത്തി ആംബുലൻസുകളിൽ ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുന്നതിന് നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): ആംബുലൻസ് ഡ്രൈവർമാർക്ക് നൽകിവരുന്ന പരിശീലനവും ബോധവത്കരണവും ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ട്രോമാ കെയർ സംവിധാനം ശക്തമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ സർക്കാർ-സ്വകാര്യ മേഖലകളിലുള്ള ആംബുലൻസ് സർവ്വീസുകളെ കോർത്തിണക്കി അഗ്രഗേറ്റർ ആംബുലൻസ് സർവ്വീസ് നടപ്പിലാക്കുന്നതിന് ആരോഗ്യ വകുപ്പ് തീരുമാനമെടുത്തിട്ടുണ്ട്. ആംബുലൻസ് ഡ്രൈവർമാർക്ക് രോഗീപരിചരണത്തിലും സമീപന രീതിയിലും പ്രത്യേക പരിശീലനവും പ്രത്യേക സർട്ടിഫിക്കറ്റും നൽകുന്നത് സംബന്ധിച്ച് ഗൗരവപൂർവ്വം ആലോചിക്കുന്നതാണ്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സമ്പൂർണ്ണ ട്രോമാ കെയർ സിസ്റ്റത്തിന്റെ ഭാഗമായി അഗ്രഗേറ്റർ സർവ്വീസിലൂടെയും ജി.പി.എസ്. സംവിധാനത്തിലൂടെയും ആംബുലൻസുകളെ ബന്ധിപ്പിക്കുന്ന പ്രവൃത്തി പുരോഗമിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി ആംബുലൻസ് ഡ്രൈവർമാർക്ക് പരിശീലനവും നൽകുന്നതാണ്.

(7) പാലം പുനരുദ്ധാരണവും ബൈപ്പാസ് നിർമ്മാണവും

ശ്രീ. പി. ഉണ്ണി: ഒറ്റപ്പാലം ടൗണിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനായി ഈസ്റ്റ് ഒറ്റപ്പാലം, കണ്ണിയംപുറം പാലങ്ങൾ  പുനരുദ്ധരിക്കുന്നതിനും ഒറ്റപ്പാലം ബൈപ്പാസ് നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ഈസ്റ്റ് ഒറ്റപ്പാലം, കണ്ണിയംപുറം പാലങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി 71.5 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. ഗതാഗതക്കുരുക്ക് സൃഷ്ടിക്കുന്ന പ്രസ്തുത പാലങ്ങൾക്ക് സമാന്തരമായി പാലങ്ങൾ നിർമ്മിക്കുന്നതിന് 25 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ. തയ്യാറാക്കി അംഗീകാരത്തിനായി കിഫ്ബിയിൽ സമർപ്പിക്കേണ്ടതുണ്ട്. ഈസ്റ്റ് ഒറ്റപ്പാലം പാലത്തിന് അംഗീകരിച്ച അലൈൻമെന്റ് പ്രകാരം സ്ഥലം ലഭ്യമല്ലാത്ത സാഹചര്യമാണുള്ളത്. കണ്ണിയംപുറം പാലം നിർമ്മാണത്തിന് സ്ഥലം ലഭ്യമായതിനാൽ ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണം ആരംഭിക്കുന്നതാണ്. ഒറ്റപ്പാലം ബൈപ്പാസ് നിർമ്മാണത്തിന് 2016-17-ലെ ബഡ്ജറ്റിൽ 15 കോടി രൂപ അനുവദിച്ചിട്ടുണ്ട്. റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ തയ്യാറാക്കിയ ഡി.പി.ആർ.-ന് കിഫ്ബിയുടെ

അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

(8) ഓട് വ്യവസായ മേഖലയിലെ പ്രതിസന്ധി

ശ്രീ. വി. കെ. സി. മമ്മത് കോയ: ഫറോക്ക് മേഖലയിലെ അടച്ചുപൂട്ടിയ ഓട് വ്യവസായ ശാലകൾ തുറന്നുപ്രവർത്തിപ്പിക്കുന്നതിനും തൊഴിലാളികളുടെ കുടുംബങ്ങൾക്ക് വിഷുവിന് സാമ്പത്തിക സഹായം നൽകുന്നതിനും നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): ഫറോക്ക് മേഖലയിലെ അടച്ചുപൂട്ടിയ ഓട് വ്യവസായ ശാലകൾ തുറന്നുപ്രവർത്തിപ്പിക്കുന്ന കാര്യവും തൊഴിലാളി കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നകാര്യവും പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(9) വ്യവസായ പാർക്ക്

ശ്രീ. പാറക്കൽ അബ്ദുല്ല: കുറ്റ്യാടി നിയോജകമണ്ഡലത്തിലെ വേളം-മണിമലയിൽ നാളികേര വികസന പാർക്ക് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): കുറ്റ്യാടി നാളികേര വികസന പാർക്ക് ആരംഭിക്കുന്നതിന് കെ.എസ്.ഐ.ഡി.സി. സ്ഥലം ഏറ്റെടുക്കുകയും ഡി.പി.ആർ. തയ്യാറാക്കുകയും

ചെയ്തിട്ടുണ്ട്. കോടതിയിൽ നിലവിലുള്ള കേസ് തീർപ്പാകുന്ന മുറയ്ക്ക് വ്യവസായ പാർക്ക് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## (10) കാട്ടുപന്നി ശല്യം തടയുന്നതിന് നടപടി

ശ്രീ. ജോർജ് എം. തോമസ്: കാട്ടുപന്നികളുടെ ആക്രമണം തടയുന്നതിനും മരണപ്പെടുന്നവരുടെ കുടുംബാംഗങ്ങൾക്കുള്ള നഷ്ടപരിഹാരത്തുക പത്തുലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതിനും മാനദണ്ഡമനുസരിച്ച് കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകുന്നതിനും നടപടി സ്വീകരിക്കണം. കാട്ടുപന്നികളുടെ വംശവർദ്ധനവ് നിയന്ത്രിക്കുന്നതിനും ഇവയെ വെർമിൻ മൃഗമായി പ്രഖ്യാപിക്കുന്നതിനും കൃഷിയിടങ്ങളിലിറങ്ങിയാൽ വെടിവച്ച് കൊല്ലുന്നതിന് കർഷകർക്ക് അനുവാദം നൽകുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. അടൂർ പ്രകാശ്: കാട്ടുപന്നിയുടെ ആക്രമണത്തിനിരയായ കെ. ജി. രാജു എന്ന കർഷകന് ചികിത്സാ സഹായം ലഭ്യമാക്കണം.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): മനുഷ്യ-വന്യജീവി സംഘർഷത്തിന്റെ വിവിധ വശങ്ങൾ പഠിച്ച് പ്രതിരോധ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനായി നിയോഗിച്ച സമിതിയുടെ ഇടക്കാല ശിപാർശയുടെ അടിസ്ഥാനത്തിൽ കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ നിബന്ധനകൾക്ക് വിധേയമായി വെടിവച്ച് കൊല്ലുന്നതിനുള്ള അധികാരം

കർഷകർക്ക് നൽകിയെങ്കിലും അതിന്റെ അടിസ്ഥാനത്തിൽ കാട്ടുപന്നികളെ വേട്ടയാടിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 1972-ലെ വന്യജീവി നിയമപ്രകാരം കാട്ടുപന്നി സംരക്ഷിത വന്യജീവിയാണ്. കേന്ദ്ര സർക്കാരിന് വിജ്ഞാപനം വഴി വന്യജീവികളെ വെർമിൻ ആയി പ്രഖ്യാപിക്കാനുള്ള അധികാരമുണ്ട്. വനത്തിന് പുറത്തിറങ്ങി നാശം വരുത്തുന്ന കാട്ടുപന്നികളെ വേട്ടയാടുന്നത് അനുവദിച്ചുകൊണ്ടുള്ള ഉത്തരവിന്റെ കാലാവധി 2016-ൽ അവസാനിച്ച സാഹചര്യത്തിൽ കാട്ടുപന്നികളെ വേട്ടയാടുന്നതും ഉപദ്രവിക്കുന്നതും വന്യജീവി സംരക്ഷണ നിയമപ്രകാരം കുറ്റകരവും ശിക്ഷാർഹവുമാണ്. കേരളത്തിലെ പ്രത്യേക സാഹചര്യത്തിൽ കാട്ടുപന്നികളെ വെർമിനായി പ്രഖ്യാപിക്കുന്ന കാര്യം പരിശോധിച്ചുവരികയാണ്. ശ്രീ. അടൂർ പ്രകാശ് ഉന്നയിച്ച സംഭവത്തിൽ നിർദ്ദിഷ്ട മാതൃകയിൽ അപേക്ഷ നൽകിയാൽ നിയമമനുസരിച്ച് 75000 രൂപ ധനസഹായം നൽകുന്നതിനും ഈ തുക ചികിത്സയ്ക്ക് തികയാത്തപക്ഷം ഡോക്ടർ സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള അപേക്ഷയിന്മേൽ പ്രത്യേക ശിപാർശയോടുകൂടി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും പരമാവധി ചികിത്സാ ധനസഹായം നൽകുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

## IV റിപ്പോർട്ട് സമർപ്പണം

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ ഇരുപത് മുതൽ ഇരുപത്തിമൂന്ന്

വരെയുള്ള റിപ്പോർട്ടുകളും പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ടും മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ടും സമർപ്പിച്ചു.

## V നിയമനിർമ്മാണകാര്യം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

(i) 2018-ലെ കേരള ധനകാര്യ ബിൽ
(ii) 2018-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ കേരള ധനകാര്യ ബില്ലും 2018-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബില്ലും പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. വി. ഡി. സതീശൻ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. അടയ്ക്കാ കൃഷിക്കേർപ്പെടുത്തിയ നികുതി കുറവ് ചെയ്യുന്നതിനെക്കുറിച്ചും കുടുംബാംഗങ്ങൾ തമ്മിലുള്ള ഭാഗപത്രത്തിന്മേലുള്ള ചാർജ് പൂർവ്വസ്ഥിതിയിലാക്കുന്നതിനെക്കുറിച്ചും

ആലോചിക്കണം. സർക്കാർ പണം കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സോവറിൻ ബോണ്ടുകളിലോ ദേശസാൽകൃത ബാങ്കുകളിലോ മാത്രമേ നിക്ഷേപിക്കാൻ പാടുള്ളൂവെന്നിരിക്കെ കിഫ്ബി വഴി സമാഹരിച്ച പണം ന്യൂജനറേഷൻ ബാങ്കുകളിൽ നിക്ഷേപിച്ചതിനെക്കുറിച്ചും ഒരേദിവസം വ്യത്യസ്ത പലിശയ്ക്ക് ബാങ്കുകളിൽ നിയമവിരുദ്ധമായി നിക്ഷേപിച്ചതിനെക്കുറിച്ചും വ്യക്തമാക്കണം. ആരോഗ്യ/വിദ്യാഭ്യാസ രംഗങ്ങളിൽ പുരോഗതി കൈവരിക്കുന്നതിനും ടെലികോം/ബാങ്കിംഗ്/ഫാമിംഗ് സെക്ടറുകളിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ആഗോള സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും മികച്ച പ്രവർത്തനവുമായി മുന്നോട്ടുപോകുന്നതിനുമുള്ള നടപടികളാണ് യു.പി.എ. സർക്കാർ സ്വീകരിച്ചിരുന്നത്. സ്റ്റോക്ക് എക്സ്ചേഞ്ചുകൾ, ബി.എസ്.എൻ.എൽ., എൽ.ഐ.സി. തുടങ്ങിയ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനും പുതിയ സാമ്പത്തിക നയത്തെ അവസരോചിതമായി പ്രയോജനപ്പെടുത്തി പൊതുമേഖലാ സ്ഥാപനങ്ങളിൽ ആരോഗ്യകരമായ മത്സരത്തിന് അവസരമൊരുക്കുകയും ഇന്ത്യയിലെ പതിനാല് കോടി ജനങ്ങളെ ദാരിദ്ര്യ രേഖയ്ക്ക് മുകളിലേക്ക് ഉയർത്തുന്നതിനുമുള്ള നടപടി സ്വീകരിച്ച യു.പി.എ. ഗവൺമെന്റിനെ നിലവിലുള്ള കേന്ദ്രസർക്കാർ നടപടികളുമായി താരതമ്യം ചെയ്യുന്നത് അവസാനിപ്പിക്കണം. രാജ്യത്തിന്റെ സാമ്പത്തിക നയരൂപീകരണങ്ങളിൽ ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതിലും പ്രതിസന്ധി

ഘട്ടത്തിൽ സാമ്പത്തിക രംഗത്ത് ആവശ്യമായ ഇടപെടൽ നടത്തുന്നതിലും കേന്ദ്ര സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. കേന്ദ്ര-സംസ്ഥാന സാമ്പത്തിക നയങ്ങൾ തമ്മിലുള്ള വൈരുദ്ധ്യം വർദ്ധിച്ചെന്ന് മാത്രമല്ല, എൻഫോഴ്സ്മെന്റ്, ഇൻകംടാക്സ് ഡിപ്പാർട്ടുമെന്റുകളെ രാഷ്ട്രീയ ആയുധമായി ഉപയോഗിച്ച് രാജ്യത്ത് ടാക്സ് ടെററിസം നടപ്പിലാക്കാനാണ് കേന്ദ്ര സർക്കാർ ശ്രമിക്കുന്നത്. 2014-15-ൽ യു.പി.എ. സർക്കാരിന്റെ ഭരണകാലത്ത് തകർച്ച അഭിമുഖീകരിച്ച പൊതുമേഖലാ സ്ഥാപനങ്ങളെ പ്രതിസന്ധിയിൽ നിന്നും കരകയറ്റുകയും ക്യാപ്പിറ്റൽ എക്സ്പെൻഡിച്ചർ 4.9 ശതമാനത്തിലെത്തിക്കുകയും ചെയ്തെങ്കിൽ അതെല്ലാം കേന്ദ്ര സർക്കാരിന്റെ പുതിയ സാമ്പത്തിക നയത്തിന്റെ ഫലമായി ഇന്ന് താറുമാറായിരിക്കുകയാണ് .

<u>ശ്രീ. അടൂർ പ്രകാശ്</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. സർക്കാരിന്റെ ധനകാര്യ നിർദ്ദേശങ്ങൾക്ക് പ്രാബല്യം നൽകുന്നതിനായി നിലവിലെ പത്ത് ആക്ടുകളിന്മേൽ ഭേദഗതി കൊണ്ടുവരാനുള്ള സർക്കാർ നീക്കം പ്രതിഷേധാർഹമാണ്. കുടുംബാംഗങ്ങൾ തമ്മിലുള്ള ഭാഗപത്രം, ദാനം, ധനനിശ്ചയം, ഒഴിമുറി എന്നീ ആധാരങ്ങൾക്ക് അഞ്ച് ഏക്കർ വരെയുള്ള ഭൂമിക്ക് ആയിരം രൂപയായി

നിശ്ചയിച്ചിരുന്നത് ഭേദഗതി വരുത്താനുള്ള സർക്കാരിന്റെ തീരുമാനത്തിലൂടെ ഭൂമിയുടെ ന്യായവില വർദ്ധിക്കുകയും ജനങ്ങളിൽ അധിക നികുതിഭാരം അടിച്ചേൽപ്പിക്കപ്പെടുകയും ചെയ്യും. മുദ്രപ്പത്രവില ഭൂമി വിലയുടെ ഒരു ശതമാനമായി വർദ്ധിപ്പിക്കാനും കേരള ഭൂനികുതി ആക്ടിൽ ഭേദഗതി വരുത്താനുമുള്ള മുൻ സർക്കാരിന്റെ നീക്കത്തിനെതിരെ സംസ്ഥാന വ്യാപകമായി പ്രക്ഷോഭം സംഘടിപ്പിച്ചവരാണ് ഇത്തരമൊരു ഭേദഗതി നിർദ്ദേശം കൊണ്ടുവന്നതെന്നത് വിരോധാഭാസമാണ്. 1961-ലെ കേരള ഭൂനികുതി ആക്ടിൽ 2014-ലെ 22-ാം നമ്പർ ഓർഡിനൻസ് പ്രകാരം യു.ഡി.എഫ്. സർക്കാർ കൊണ്ടുവന്ന ഭേദഗതികൾ പൊതുജനാഭിപ്രായം പരിഗണിച്ച് പിൻവലിക്കുകയും ഭൂനികുതിയിൽ വരുത്തിയ വർദ്ധനവിൽ ഇളവ് അനുവദിക്കുകയും ചെയ്ത സാഹചര്യത്തിൽ വീണ്ടും അതേ ഭേദഗതികൾ കൊണ്ടുവരുന്നതിന്റെ ഉദ്ദേശ്യം വ്യക്തമാക്കണം. പൊതുവിൽപ്പന നികുതിയുടെ കുടിശ്ശിക തീർപ്പാക്കലിന് സമയം ദീർഘിപ്പിച്ച് നൽകിയിരിക്കുന്നത് പരിശോധിച്ച് സമയബന്ധിതമായി പിരിച്ചെടുക്കുന്നതിനും സംസ്ഥാനത്തിനു പുറത്ത് വാഹനങ്ങൾ രജിസ്റ്റർ ചെയ്ത് നികുതി വെട്ടിച്ചവരുടെ പേരിൽ ക്രിമിനൽ നടപടിക്രമമനുസരിച്ചുള്ള ശിക്ഷ നൽകുന്നതോടൊപ്പം പിഴ ഈടാക്കുന്നതിനും നടപടി സ്വീകരിക്കണം. 1991-ലെ കേരള കാർഷിക ആദായ നികുതി നിയമത്തിന്റെ

ഭേദഗതിയിലൂടെ കുടിശ്ശിക തീർക്കുന്നതിന് അപേക്ഷിക്കാനുള്ള കാലാവധി നീട്ടി നൽകുന്നതും 2003-ലെ കേരള മൂല്യവർദ്ധിത നികുതി ആക്ടിന്റെ ഭേദഗതി പ്രകാരം കുടിശ്ശിക കുറവ് ചെയ്യുന്ന വ്യവസ്ഥകളും പലിശയും പിഴപ്പലിശയും നിബന്ധനകൾക്ക് വിധേയമായി ഒഴിവാക്കുന്നതും പരിശോധനാ വിധേയമാക്കേണ്ടതാണ്. 2008-ലെ കേരള ധനകാര്യ ആക്ടിന്റെ 6-ാം വകുപ്പ് പ്രകാരമുള്ള വ്യവസ്ഥയിൽ നിലവിലുണ്ടായിരുന്ന മെഡിക്കൽ, പുനരധിവാസ സെസ്സുകൾ ഒഴിവാക്കിയത് സംബന്ധിച്ച് വ്യക്തത വരുത്തുകയും സർക്കാർ ഗ്യാരന്റികളുടെ പരമാവധി പരിധി 30000 കോടി രൂപയായി നിജപ്പെടുത്തുകയും ചെയ്യണം. പ്രകടന പത്രികയിലെ വാഗ്ദാനങ്ങൾക്ക് വിരുദ്ധമായി നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ്, നികുതികളും സർക്കാർ സേവനങ്ങൾക്കുള്ള ഫീസും വർദ്ധിപ്പിക്കൽ, കുടുംബാംഗങ്ങൾ തമ്മിലുള്ള ഭാഗത്തിനും ദാനത്തിനും ഒഴിമുറിക്കും ധനനിശ്ചയത്തിനും കരാറുകൾക്കുമുള്ള മുദ്രവില ഫീസ് വർദ്ധനവ്, ഭൂമിയുടെ ന്യായവില വർദ്ധിപ്പിക്കൽ, ഭൂനികുതി വർദ്ധനവ്, ആധാര പകർപ്പുകൾക്ക് 5 രൂപ നിരക്കിൽ ഫീസ് ഏർപ്പെടുത്തൽ, ബസ് ചാർജ് വർദ്ധനവ്, വ്യാപാരി-വ്യവസായികളെയും സ്വാശ്രയ ലോബികളെയും അകമഴിഞ്ഞ് സഹായിക്കൽ എന്നിവ ഇന്ന് കേരളത്തിൽ വ്യാപകമായിരിക്കുകയാണ്. പ്രവാസി ചിട്ടിയിൽ നാളിതുവരെ ആരെയും ചേർക്കാൻ കഴിയാത്തതും ഡാമുകളിൽ കെട്ടിക്കിടക്കുന്ന മണൽ എത്രത്തോളം വിറ്റഴിക്കാൻ

സാധിച്ച എന്നതും സംബന്ധിച്ച് വിലയിരുത്തൽ നടത്തേണ്ടതാണ്.

ശ്രീ. എം. ഉമ്മർ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. 2018-ലെ കേരള ധനകാര്യ ബില്ലിന്റെ രണ്ടാം വകുപ്പിന്റെ രണ്ടാം ഉപവകുപ്പ് ബി(iii)-ൽ ഇന്ത്യൻ നിർമ്മിത വിദേശ മദ്യം വിൽക്കുന്നവർക്ക് വിദേശ നിർമ്മിത മദ്യം വിൽക്കുന്നതിന് നികുതി ഒഴിവാക്കിക്കൊടുക്കുന്നതും 6-ാം വകുപ്പ്, ഒന്നാം ഉപവകുപ്പ് പ്രകാരം ക്ലിപ്തനിബന്ധനയിൽ സാധാരണക്കാരനെ ബാധിക്കുന്ന ഭൂനികുതി വർദ്ധിപ്പിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ളതും പരിശോധിക്കപ്പെടേണ്ടതാണ്. ഇത് സാധാരണക്കാരോടുള്ള സർക്കാരിന്റെ സമീപനത്തെയാണ് കാണിക്കുന്നത്. ഭൂനികുതി യഥാസമയം പിരിച്ചെടുക്കാനും നിലവിലുള്ള സ്റ്റേകൾ സമയബന്ധിതമായി തീർപ്പാക്കാനും നികുതി പിരിക്കുന്ന കാര്യത്തിൽ ഉദ്യോഗസ്ഥർ കൂടുതൽ ജാഗ്രത പുലർത്താനും താലൂക്കുതല അവലോകന യോഗങ്ങൾ ചേരാനും നടപടി സ്വീകരിക്കണം. നിസ്സാര കാരണങ്ങളാൽ തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ ജില്ലകളിലായി നിരവധി പേർക്ക് ഭൂനികുതി അടയ്ക്കാൻ കഴിയാത്ത അവസ്ഥ നിലനിൽക്കുന്നുണ്ട്. മഞ്ചേരി നിയോജകമണ്ഡലത്തിലെ നറുകര വില്ലേജിൽ പട്ടയമുള്ള ആളുകൾക്കുപോലും നികുതിയടയ്ക്കാൻ കഴിയുന്നില്ല. ചെക്ക്പോസ്റ്റുകൾ അടച്ചുപൂട്ടിയതുമൂലം സംസ്ഥാനത്തിന് ലഭിക്കേണ്ട നികുതി വരുമാനം കുറഞ്ഞിരിക്കുകയാണ്. നോട്ട് നിരോധനം, ജി.എസ്.ടി., കിഫ്ബി

എന്നിവ വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപ്പാദനം കുറയുകയാണെങ്കിൽ കടം വാങ്ങുന്നതിനും ഗ്യാരന്റി നിൽക്കുന്നതിനും നിയതമായ നടപടിക്രമമില്ലാതാകുന്നതും വർഷംതോറും ആക്ട് ഭേദഗതി ചെയ്യേണ്ടി വരുന്നതുമാണ്. ഇ-വേ ബിൽ സമ്പ്രദായം ഫലപ്രദമായി നടപ്പിലാക്കണം. 2018-19 വർഷത്തെ ആംനെസ്റ്റികൾ പ്രഖ്യാപനങ്ങൾ മാത്രമായി നിൽക്കുമ്പോൾ അർഹരായവർക്ക് ലഭിക്കുന്നതിനാവശ്യമായ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് പദ്ധതിയുടെ ആനുകൂല്യത്തിനായി ഓൺലൈൻ വഴി അപേക്ഷ സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിൽ 75409 അപേക്ഷകൾ ലഭിച്ചിട്ടുണ്ടെങ്കിലും ആർക്കും പ്രയോജനം ലഭിച്ചിട്ടില്ല. എസ്.ബി.ടി-യിൽനിന്ന് വിദ്യാഭ്യാസ വായ്പയെടുത്ത വിദ്യാർത്ഥികളെക്കൂടി ഇതിലുൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം. മഞ്ചേരി മെഡിക്കൽ കോളേജിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും രോഗീ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും ജനസംഖ്യാനുപാതികമായി ഡയാലിസിസ് മെഷീനുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും തയ്യാറാകണം. പാവപ്പെട്ട രോഗികൾക്ക് സൗജന്യമായി ഡയാലിസിസ് നടത്തുന്ന സെന്ററുകൾക്ക് ഗവൺമെന്റിൽ നിന്ന് സഹായം ലഭ്യമാക്കാനും കുടിവെള്ളം ഗാർഹികാവശ്യത്തിനുള്ള നിരക്കിൽ നൽകാനും നടപടി സ്വീകരിക്കണം.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുമ്പോൾ പുതിയ നികുതി നിർദ്ദേശങ്ങളും മറ്റും ഈ ബില്ലിലൂടെ നടപ്പിലാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. കേരളത്തിലെ സ്ഥിര താമസക്കാരായ പല പ്രമുഖരും പുതുച്ചേരിയിൽ വ്യാജ മേൽവിലാസങ്ങളിൽ ആഡംബര വാഹനങ്ങൾ രജിസ്റ്റർ ചെയ്യുകയും സർക്കാരിന് ലഭിക്കേണ്ട കോടിക്കണക്കിന് രൂപയുടെ നികുതി വെട്ടിക്കുകയും ചെയ്തത് ക്രമവൽക്കരിക്കാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ഭാവിയിൽ ഇത്തരം നികുതി വെട്ടിപ്പുകൾ ആവർത്തിക്കാതിരിക്കാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കണം. ഇലക്ട്രിക്, എൽ.പി.ജി., സി.എൻ.ജി ഓട്ടോറിക്ഷകൾ പ്രോത്സാഹിപ്പിക്കുന്നതിനും വാർഷിക നികുതിയിൽ 150 രൂപയുടെ കുറവ് വരുത്തുന്നതിനും അഞ്ചുവർഷത്തെ നികുതി ഒരുമിച്ച് അടയ്ക്കുന്നവരിൽനിന്ന് പരമാവധി 1500 രൂപ ഈടാക്കുന്ന രീതിയിൽ മാറ്റം വരുത്തുന്നതിനും തയ്യാറാകണം. പ്രതിഷേധസ്വരമുയർത്തുന്നവരെ വികസനത്തിൻെറ പേരിൽ അടിച്ചമർത്തുന്ന സർക്കാർ നിലപാട് ശരിയല്ല. ജി.എസ്.ടി. നടപ്പാക്കിയതോടെ സംസ്ഥാനത്തിന്റെ നികുതി വരുമാനം കുറഞ്ഞിരിക്കുകയാണ്. ജി.എസ്.ടി.യെ അനുകൂലിച്ച ധനകാര്യ വകുപ്പുമന്ത്രിയുടെ സമീപനത്തെ സംസ്ഥാന മന്ത്രിസഭയിലെ ഒരു മന്ത്രിതന്നെ പരസ്യമായി വിമർശിക്കുന്ന സാഹചര്യമുണ്ടായി. അക്രമ രാഷ്ട്രീയത്തിന്റെ പേരിൽ മുസ്ലീംലീഗിനെ

പ്രതിക്കൂട്ടിൽ നിർത്താനുള്ള ശ്രമം വിലപ്പോവില്ല.

ഡോ. എൻ. ജയരാജ്: വിയോജിപ്പ് രേഖപ്പെടുത്തുന്നു. കുടുംബാംഗങ്ങൾ തമ്മിലുള്ള ഭൂമി കൈമാറ്റത്തിന് മുദ്രപ്പത്രവില വർദ്ധിപ്പിച്ച നടപടി പിൻവലിക്കണം. ജനങ്ങളുടെ എതിർപ്പ് കണക്കിലെടുത്ത് മുൻ സർക്കാർ പിൻവലിച്ച ഭൂനികുതി വർദ്ധനവ് വീണ്ടും ഏർപ്പെടുത്തിയ നടപടി ശരിയല്ല. കാർഷികോല്പന്നങ്ങൾക്ക് ശരിയായ വില ലഭ്യമാക്കുന്നതിന് മുൻകയ്യെടുക്കണം. ജി.എസ്.ടി. നടപ്പാക്കിയതുമൂലം സംസ്ഥാനത്തിന്റെ നികുതി സാധ്യതകൾ പരിമിതപ്പെട്ടിരിക്കുകയാണ്. കെട്ടിടങ്ങളുടെ വൺടൈം ടാക്സ് മൂന്നു വർഷത്തിലൊരിക്കൽ പരിഷ്കരിക്കുകയും അനാവശ്യ ആഡംബരങ്ങൾക്ക് നികുതി ചുമത്തുകയും ചെയ്യുന്നത് പരിശോധിക്കണം. ഭൂമിയിലേയ്ക്ക് വെള്ളമിറങ്ങാതെ ടൈലുകൾ പാകുന്ന പ്രവണത അവസാനിപ്പിക്കണം. കേരളത്തിന്റെ ജൈവവൈവിദ്ധ്യം നിലനിറുത്തുന്നതിനും പശ്ചിമഘട്ട മലനിരകളെ സംരക്ഷിക്കുന്നതിനും കൃഷി ഭൂമിക്കുമേലുള്ള നികുതി വർദ്ധിപ്പിക്കാതെ പുതിയ വരുമാനമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും സംസ്ഥാനത്തിന്റെ നികുതിഘടനയെ സംബന്ധിച്ച് പഠനം നടത്തുന്നതിനും തയ്യാറാകണം. ഇലക്ട്രിക് വാഹനങ്ങൾക്ക് നികുതിയിളവ് അനുവദിക്കണം. ജി.എസ്.ടി. നടപ്പാക്കുന്നതിന് മുമ്പുവരെയുള്ള ആംനെസ്റ്റിയുടെ ആനുകൂല്യം ചെറുകിട കച്ചവടക്കാർക്ക് ലഭ്യമാക്കത്തക്ക രീതിയിൽ

ക്ലാരിഫിക്കേഷൻ വരുത്തുന്നതിനും പത്ത് ലക്ഷത്തിലേറെ വരുന്ന അണ്ടർ വാല്യുവേഷൻ കേസ്സുകളിൽ തീർപ്പുകൽപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. പി. കെ. ബഷീർ: സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള ധനകാര്യ ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കേരളം നേരിടുന്ന ഗുരുതരമായ പ്രതിസന്ധിയാണ് പ്രവാസികളുടെ തിരിച്ചുവരവ്. സെക്രട്ടേറിയറ്റിൽ പഞ്ചിംഗ് ഏർപ്പെടുത്തിയതിനുപകരം ഓരോ മാസവും 25-ാം തീയതി വരെ കൃത്യമായി ജോലി ചെയ്തുവെന്ന് മേലധികാരി സാക്ഷ്യപ്പെടുത്തുന്നവർക്കുമാത്രമേ ശമ്പളം നൽകുകയുള്ളൂവെന്ന വ്യവസ്ഥ കൊണ്ടുവരാനും ഉദ്യോഗസ്ഥരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ടിൽ മേലധികാരി കാര്യകാരണങ്ങൾ രേഖപ്പെടുത്തണമെന്ന വ്യവസ്ഥ ഉൾപ്പെടുത്താനും തയ്യാറാകണം. പോലീസ് സേനയുടെ മനോവീര്യം തകർക്കുന്ന രീതിയിലുള്ള ഇടപെടലുകളാണ് ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. മഹാത്മാഗാന്ധിയുടെ എഴുപതാം ചരമ വാർഷികത്തിന്റെ ഭാഗമായി ഒരു വർഷം നീണ്ടുനിൽക്കുന്ന വിപുലമായ പരിപാടികൾ സംഘടിപ്പിക്കാനുള്ള തീരുമാനം അഭിനന്ദനീയമാണ്.

ശ്രീ. കെ. ദാസനുവേണ്ടി (ശ്രീ. വി. എസ്. അച്യുതാനന്ദൻ): സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള ധനകാര്യ ബിൽ വീണ്ടും അതേ

സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കേരളത്തിലെ സാമൂഹ്യ ജീവിതം ശക്തിപ്പെടുത്താൻ ലക്ഷ്യമിട്ടുള്ള നിർദ്ദേശങ്ങളാണ് ബില്ലിൽ അടങ്ങിയിരിക്കുന്നത്. ഓഖി ദുരന്തം, നോട്ട് നിരോധനം, ജി.എസ്.ടി തുടങ്ങിയ പ്രതികൂല സാഹചര്യങ്ങളിൽ നിന്നുകൊണ്ട് വിഭവ സമാഹരണം ശക്തിപ്പെടുത്തി നവകേരളം സൃഷ്ടിക്കുന്നതിനുള്ള ശ്രമങ്ങളാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. ജി.എസ്.ടി. നടപ്പാക്കിയതിലൂടെ സംസ്ഥാന സർക്കാരിന് നികുതിയിനത്തിൽ ലഭിക്കേണ്ട തുകയുടെ സിംഹഭാഗവും കേന്ദ്രസർക്കാർ തട്ടിയെടുക്കുകയാണ് ചെയ്യുന്നത്. കേന്ദ്രനയംമൂലം പ്രയാസമനുഭവിക്കുന്ന കേരളത്തെ രക്ഷിക്കാനുള്ള ശ്രമമാണ് സർക്കാർ നടത്തുന്നത്. ഇടതുപക്ഷ സർക്കാരിന്റെ കേരള മോഡൽ വികസന കാഴ്ചപ്പാട് രാജ്യാന്തരങ്ങളിലും അംഗീകരിക്കപ്പെട്ടിരിക്കുകയാണ്. പാവപ്പെട്ടവരുടെയും സാധാരണക്കാരുടെയും പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുകയും ഭൂപരിഷ്കരണ നിയമം പാസ്സാക്കി കേരള ജനതയുടെ സാമൂഹ്യ ജീവിതത്തിൽ വിപ്ലവകരമായ മാറ്റങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്തത് പ്രശംസനീയമാണ്. വിവിധ മേഖലകളിൽ പ്രശ്നപരിഹാരത്തിനാവശ്യമായ പദ്ധതികളാണ് സർക്കാർ നടപ്പാക്കുന്നത്. സംസ്ഥാനത്തിന് അർഹമായ ഓഖി ദുരിതാശ്വാസം അനുവദിക്കുന്നതിലും കേന്ദ്രസർക്കാർ അവഗണന കാണിച്ചിരിക്കുകയാണ്. നികുതിപ്പണം

കവർന്നെടുക്കുന്നവരെ സംരക്ഷിക്കുന്ന നിലപാടുകളാണ് കേന്ദ്രസർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. എ. എം. ആരിഫിനുവേണ്ടി ശ്രീ. എ. പ്രദീപ്കുമാർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. വികസന പ്രവർത്തനങ്ങൾക്ക് സഹായകരമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് സമ്പൂർണ്ണ ബഡ്ജറ്റ് പാസ്സാക്കുന്നതിലൂടെ കഴിയുമെന്നത് സർക്കാരിന്റെ നിശ്ചയദാർഢ്യത്തെയാണ് സൂചിപ്പിക്കുന്നത്. അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് തുടക്കം കുറിക്കാനും ധാരാളം പദ്ധതികൾ പ്രവൃത്തിപഥത്തിലെത്തിക്കാനും സാധിച്ചത് അഭിനന്ദനീയമാണ്. ലൈറ്റ് മെട്രോ പദ്ധതിക്ക് പണം വകയിരുത്തുന്നതിനോ കോമ്പ്രിഹെൻസീവ് മൊബിലിറ്റി പ്ലാൻ സമയബന്ധിതമായി സമർപ്പിക്കുന്നതിനോ കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന് സാധിച്ചിട്ടില്ല. പാർക്കിംഗ് സൗകര്യങ്ങൾ ഉൾപ്പെടെ ഏർപ്പെടുത്തി ലൈറ്റ് മെട്രോ പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കണം. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ തെറ്റായ സാമ്പത്തിക നയംമൂലം പൊതുവിതരണ സമ്പ്രദായം തകരുകയും എ.പി.എൽ./ബി.പി.എൽ. വേർതിരിവുണ്ടാകുകയും ചെയ്തു. ബാങ്കുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ സ്വകാര്യവൽക്കരണത്തെ എതിർക്കുന്നതിന്

ഇടതുപക്ഷത്തിന് സാധിച്ചിട്ടുണ്ട്. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില നിർണ്ണയിക്കുന്നതിൽ കേന്ദ്രഗവൺമെന്റിനുള്ള അധികാരം എടുത്തുകളഞ്ഞതുൾപ്പെടെ കോർപ്പറേറ്റുകളെ സഹായിക്കുന്ന നിലപാടാണ് സ്വീകരിച്ചത്. തസ്തികകൾ വെട്ടിക്കുറച്ച് ഔട്ട് സോഴ്സിംഗ് നടപ്പിലാക്കിയത് തൊഴിലില്ലായ്മ വർദ്ധിക്കുന്നതിന് കാരണമായി.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ഖണ്ഡം 2-ൽ "അഞ്ച് ശതമാനത്തിൽ" എന്ന വാക്കുകൾക്ക് പകരം "അഞ്ചു ശതമാനത്തിന് തുല്യമായ ഇരുപത്തി അയ്യായിരം കോടി രൂപയോ ഏതാണ് കുറവ് പ്രസ്തുത തുകയിൽ" എന്ന വാക്കുകൾ ചേർക്കണം. 2003-ലെ കേരള ഗവൺമെന്റ് ഗ്യാരന്റികളുടെ പരമാവധി പരിധി 'ഇരുപത്തിയൊന്നായിരം കോടി രൂപയിൽ' എന്ന വാക്കുകൾക്കുപകരം 'സംസ്ഥാന സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ്, അതതു സാമ്പത്തിക വർഷത്തേയ്ക്ക് കണക്കാക്കുന്ന സംസ്ഥാനത്തിന്റെ മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പാദനത്തിന്റെ അഞ്ച് ശതമാനത്തിൽ' എന്ന വാക്കുകൾ ചേർക്കുന്നത് സംസ്ഥാനത്തിന് കൂടുതൽ കടബാദ്ധ്യതയുണ്ടാക്കും. ഇതുമൂലം 21000 കോടി രൂപയ്ക്ക് ഗ്യാരന്റി നൽകാൻ കഴിയുന്ന സർക്കാരിന് 34000 കോടി രൂപവരെ

ഗ്യാരന്റി നിൽക്കാൻ കഴിയുന്ന സാഹചര്യമുണ്ടാകും. സാമ്പത്തിക അച്ചടക്കം പാലിക്കാതെ ചെലവ് ചെയ്യുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന സർക്കാർ നയമാണിത്. ഈ ബിൽ 2011-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ആക്ടിലെ സംസ്ഥാന കടബാദ്ധ്യത കുറച്ചുകൊണ്ടുവരണമെന്ന ഭേദഗതിക്ക് വിപരീതമാണ്. അനാവശ്യ ചെലവുകൾ ഒഴിവാക്കാനും സംസ്ഥാന ആളോഹരി കടബാദ്ധ്യത കുറയ്ക്കാനും സാമ്പത്തിക പ്രതിസന്ധി മറികടക്കാനുമുള്ള യാതൊരു നടപടിയും സർക്കാർ സ്വീകരിക്കുന്നില്ല. സർക്കാരിന്റെ പ്രവർത്തനങ്ങൾ ജനങ്ങൾക്ക് അനുഭവവേദ്യമാകാത്തതിനാൽ കോടിക്കണക്കിന് രൂപ പരസ്യത്തിനും മറ്റുമായി ധൂർത്തടിക്കുകയാണ്. സോഷ്യൽ മീഡിയ സെൽ രൂപീകരിച്ചുകൊണ്ട് സാമൂഹിക മാധ്യമങ്ങളിലൂടെ പ്രതിച്ഛായ വർദ്ധിപ്പിക്കുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത്. പദ്ധതികൾ പ്രഖ്യാപിക്കുന്നതല്ലാതെ പ്രാവർത്തികമാക്കാൻ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. മദ്യത്തിന് ഏർപ്പെടുത്തിയ 5 ശതമാനം സെസ്സ് തൊഴിലാളികളുടെ പുനരധിവാസത്തിനുവേണ്ടി വിനിയോഗിച്ചിട്ടില്ല.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): ഇന്നത്തെ ധനകാര്യ ബില്ലിൽ പത്തോളം നിയമ ഭേദഗതികളുണ്ട്. വാറ്റ് നിയമത്തിലെ നിലവിലുള്ള ആംനെസ്റ്റിയുടെ കാലദൈർഘ്യം വർദ്ധിപ്പിക്കുന്നതിനും അടയ്ക്കാ വ്യാപാരികൾക്ക് പുതിയ ആംനെസ്റ്റി കൊണ്ടുവരുന്ന കാര്യത്തിലും

ഭിന്നാഭിപ്രായങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. അടയ്ക്കാ വ്യാപാരികൾക്ക് ചുമത്തിയിട്ടുള്ള 5 ശതമാനം നികുതി കേന്ദ്ര വിൽപ്പന നികുതി നിയമം റിപ്പീൽ ചെയ്യപ്പെട്ടുമെന്നുള്ളതുകൊണ്ട് നിയമപരമായി കുറയ്ക്കാൻ സംസ്ഥാന സർക്കാരിന് അധികാരമില്ല. എന്നാൽ പലിശ/പിഴപ്പലിശകൾ സംസ്ഥാനത്തിന് വേണ്ടെന്ന് വയ്ക്കാൻ സാധിക്കും. കേന്ദ്ര വിൽപ്പന നികുതി നിയമമനുസരിച്ച് സി ഫാറം സമർപ്പിക്കുന്ന കേസ്സുകളിൽ മാത്രമേ അന്തർ സംസ്ഥാന നികുതി നിരക്ക് കുറയ്ക്കാൻ സംസ്ഥാനത്തിന് അധികാരമുള്ളു. ഔദ്യോഗിക ഭേദഗതിയിലൂടെ തുക അടയ്ക്കാനുള്ള കാലാവധി 36 തവണകളായി വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തെ നികുതി ചോർച്ച പരിഹരിക്കുന്നതിനായി നികുതി വകുപ്പ് പ്രത്യേക സോഫ്റ്റ്‌വെയർ തയ്യാറാക്കിയിട്ടുണ്ട്. കോൺട്രാക്ട് വർക്കുമായി ബന്ധപ്പെട്ട് ഉയർന്നുവന്നിട്ടുള്ള അപാകതകൾ പരിശോധിച്ചതിനുശേഷം ആവശ്യമായ നടപടി സ്വീകരിക്കും. കെ.എസ്.ആർ.ടി.സി.യുടെ കൺസോർഷ്യം വായ്പ തിരിച്ചടയ്ക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. കാർഷികാദായ നികുതിയെക്കുറിച്ചും പ്ലാന്റേഷൻ ടാക്സിനെക്കുറിച്ചും റവന്യൂ, വനം, കൃഷി എന്നീ വകുപ്പുകളുമായി ആലോചിച്ച് തീരുമാനം കൈക്കൊള്ളും. എക്സൈസുമായി ബന്ധപ്പെട്ട് നിലവിലുള്ള സർച്ചാർജ്ജുകളും സെസ്സും സംയോജിപ്പിച്ചുകൊണ്ട് ഒറ്റ നികുതിയാക്കുന്നതിന് നടപടി സ്വീകരിക്കും. പുതിയ വിദേശ മദ്യഷോപ്പുകൾക്ക് ലൈസൻസ് നൽകുകയില്ല.

പുതിയ മദ്യനയത്തിലൂടെ സംസ്ഥാനത്ത് നികുതി വർദ്ധനവുണ്ടാകും. മോട്ടോർ വാഹന നികുതി കുറച്ചിരിക്കുകയാണ്. നികുതി യഥാവിധി കളക്ട് ചെയ്യുകയാണെങ്കിൽ ഇരുന്നൂറ് കോടിയോളം രൂപ സംസ്ഥാനത്തിന് വരുമാനമുണ്ടാകും. ഭൂമിയുടെ ഫെയർ വാല്യൂ നിശ്ചയിച്ച ശേഷം രജിസ്ട്രേഷൻ നടപടികളിൽ വീഴ്ച വരുത്തിയ കേസുകളിലാണ് ആംനെസ്റ്റി പ്രകാരം നോട്ടീസ് അയയ്ക്കുന്നത്. അല്ലാത്ത കേസിൽ നോട്ടീസ് അയച്ചിട്ടുണ്ടെന്ന് ശ്രദ്ധയിൽപ്പെടുന്നപക്ഷം പ്രത്യേകമായി പരിശോധിക്കുന്നതാണ്. നിലവിൽ സ്റ്റാമ്പ് ഡ്യൂട്ടി വർദ്ധിപ്പിക്കാനുദ്ദേശിക്കുന്നില്ല. റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ തുടങ്ങിയ വികസനപ്രവർത്തനങ്ങൾ നടക്കുമ്പോൾ ഭൂമിക്ക് ഉയർന്ന വില ലഭിക്കുന്ന സാഹചര്യത്തിൽ രജിസ്ട്രേഷൻ ഫീസിൽ ചെറിയൊരു വർദ്ധനവുമാത്രമാണ് വരുത്തുന്നത്. കേരള ഭൂനികുതി ആക്ട് ഭേദഗതി ചെയ്യുന്നതിലൂടെ ലഭിക്കുന്ന വരുമാനം തൊഴിലുടമയുടെ അംശദായമെന്ന നിലയിൽ കർഷക-കർഷകത്തൊഴിലാളി വെൽഫെയർ ബോർഡുകൾക്ക് നൽകാൻ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ കടബാദ്ധ്യത കുറച്ചുകൊണ്ടുവരുന്നതിനും കിഫ്ബിയിലൂടെ വായ്പയെടുക്കുന്നതിനും പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഗ്യാരന്റി നൽകുന്നതിനുമാണ് നിയമത്തിൽ ഭേദഗതി വരുത്താൻ തീരുമാനിച്ചിട്ടുള്ളത്. കിഫ്ബി രൂപീകരിച്ച ഇൻവെസ്റ്റ്മെന്റ് മാനേജ്മെന്റ് കമ്മിറ്റിയുടെ തീരുമാനപ്രകാരം

ഡ്രാഫ്റ്റ് ഇൻവെസ്റ്റ്മെന്റ് പോളിസിയുണ്ടാക്കാനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. കിഫ്ബിയിലൂടെ സമാഹരിച്ച ഇൻവെസ്റ്റ്മെന്റ് ഫണ്ടിൽ 740 കോടി രൂപ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ ഫിക്സഡ് ഡെപ്പോസിറ്റായും ബാക്കി തുക ബില്ലുകൾക്കുള്ള പേമെന്റ് നൽകുന്നതിനായി മിനിമം പലിശ നിരക്കിൽ സേവിംഗ്സ് അക്കൗണ്ടിലും നിക്ഷേപിച്ചിരിക്കുകയാണ്.

**വിശദീകരണം**

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>): പ്രൈമറി അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി (PACS) കൾക്ക് ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പാക്കാനുള്ള പദ്ധതിയുടെ ഭാഗമായി ഇഫ്ടാസിന് കരാർ നൽകുന്ന വിഷയം പരിശോധിക്കുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ അഞ്ചംഗ സമിതി രൂപീകരിച്ചിട്ടുണ്ട്. ഇഫ്ടാസ് എന്നത് ആർ.ബി.ഐ.യെ മുൻനിർത്തി സ്വകാര്യകമ്പനികൾ നടത്തുന്ന തട്ടിപ്പാണെന്നും നിലവിൽ സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന ഐ.റ്റി. കമ്പനികൾ ഇതിനായി സർക്കാരിനെ സമീപിച്ചിരുന്നുവെന്നുമുള്ള ആക്ഷേപം അടിസ്ഥാന രഹിതമാണ്. ആർ.ബി.ഐ.ക്കുകീഴിൽ വരുന്ന ഇഫ്ടാസ് സ്വന്തം നിലയിൽ സോഫ്റ്റ്‌വെയർ വികസിപ്പിച്ച് നടപ്പിലാക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിച്ച് മുന്നോട്ടുപോകാനുള്ള ചർച്ചകൾക്ക് തുടക്കമിടാനാണ് തീരുമാനിച്ചിട്ടുള്ളത്. കേരള

ബാങ്കും ബ്രാഞ്ചുകളും നൽകുന്ന സേവനങ്ങൾ ഭാവിയിൽ പാക്സിലൂടെ നൽകാൻ കഴിയുന്ന വിധത്തിലുള്ള സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിലൂടെ വ്യാപകമായി നെറ്റ്‌വർക്കുള്ള സഹകരണ ബാങ്കിംഗ് സംവിധാനം സംസ്ഥാനത്ത് രൂപപ്പെടുന്നത് ഭാവി വികസനത്തിന് മുതൽക്കൂട്ടാകുന്നതാണ്. സോഫ്റ്റ്‌വെയർ സംബന്ധിച്ചുള്ള പോരായ്മകൾ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ഇഫ്ടാസുമായി ഗവൺമെന്റ് ഇതുവരെ ഒരു കരാറിലും ഏർപ്പെട്ടിട്ടില്ല.

<u>ശ്രീ. വി.ഡി. സതീശൻ</u>: കേരള ബാങ്ക് വരുമ്പോൾ ഇന്റർഫേസ് കണക്ഷനുണ്ടാകുമെന്നു പറഞ്ഞിരിക്കുന്നത് തെറ്റിദ്ധരിപ്പിക്കലാണ്. എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് ഇല്ലാതെ ഏകപക്ഷീയമായി ഇഫ്ടാസുമായി കരാറിൽ ഏർപ്പെടുകയാണെങ്കിൽ വിജിലൻസ് അന്വേഷണം ആവശ്യമായി വരും.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റോ ടെണ്ടറോ വിളിക്കാതെ 160 കോടി രൂപയുടെ പദ്ധതി ഇഫ്ടാസിന് കൊടുത്തത് ആശങ്കാജനകമാണ്.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: ഗവൺമെന്റിന് ഇക്കാര്യത്തിൽ പ്രത്യേക താൽപ്പര്യമില്ല. കാര്യങ്ങൾ പഠിക്കാനായി ടെക്നിക്കൽ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ഗവൺമെന്റ് ഏകപക്ഷീയമായി തീരുമാനിക്കുന്നില്ല.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): കമ്പനികളെ തെരഞ്ഞെടുക്കാൻ സർക്കാരിന് അവകാശമുണ്ടെന്ന ആർ.ബി.ഐ. നിലപാടിന്മേലാണ് ഇഫ്ടാസിനെ തെരഞ്ഞെടുത്തത്. കമ്മിറ്റി റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തീരുമാനമെടുക്കാം. അനുവദിക്കപ്പെട്ട ഫണ്ട് തീരുന്ന മുറയ്ക്ക് ഡിപ്പാർട്ടുമെന്റുകൾക്ക് അഡീഷണൽ ആതറൈസേഷനായി കൊടുക്കും. യാതൊരു കാരണവശാലും ഡിപ്പാർട്ടുമെന്റുകൾക്കുള്ള ഫണ്ട് നഷ്ടപ്പെടില്ല.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള ധനകാര്യ ബില്ലും 2018-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബില്ലും പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബില്ലുകൾ പരിഗണനയ്ക്കെടുത്തു.

(i) 2018-ലെ കേരള ധനകാര്യ ബിൽ

2-ാം വകുപ്പ്

94, 95, 96, 97, 99, 101, 102, 104, 105, 107, 108, 109, 110, 112, 113, 115, 116, 117, 118 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

103. In section 18(2)(i), proposed to be substituted in the Abkari Act, 1077 by clause 2(2)(a)(i) the words and brackets " Liquor (Indian Made)" shall be substituted with the words and brackets " Liquors (India Made)" .

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>3-ാം വകുപ്പ്</u>

(ഭേദഗതിയില്ല)

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>4 -ാം വകുപ്പ്</u>

122, 124, 126, 127, 129, 130, 132, 135, 136, 137, 139, 140, 141, 143,

145, 147, 149, 150, 151, 152, 153, 157, 158, 160, 161, 162, 163, 164, 165, 166, 168, 170, 172, 173, 175, 176, 178, 180, 182 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

123. In section 2 (fb) proposed to be inserted in the Kerala Stamp Act, 1959 by Clause 4 (1), for the words and symbol " son, daughter" the words and symbol " son, adopted son, daughter, adopted daughter" shall be substituted.

138. In the proviso to section 45B (5) proposed to be added in the Kerala Stamp Act, 1959 by Cluase 4(3), for the word " act" the word " Act" shall be substituted.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

136. In the proviso to section 45B (5) proposed to be added in the Kerala Stamp Act, 1959 by Clause 4(3), the word " deficit" shall be substituted with the word " deficient" .

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>5-ാം വകുപ്പ്</u>

183, 189, 190 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>6-ാം വകുപ്പ്</u>

197, 198, 199, 200, 202, 204, 205, 206, 207, 208, 209 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 7-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിച്ചു.

"ഏഴാം ഖണ്ഡം ഉപഖണ്ഡം (2) 'Foreign Liquor' എന്നതിൽ (v) ഇനത്തിൽ " or more" എന്നത് ഡിലീറ്റ് ചെയ്യണം".

210, 211, 212, 216, 217, 218, 222, 223, 224, 225, 226, 227, 229, 230, 231, 233, 234, 236, 237, 238, 239, 240, 241 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

217. In Clause 7(1)(b) for the figures words " 30th June, 2018" substitute the figures and words " 31st December, 2018".

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം

സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>8-ാം വകുപ്പ്</u>

242, 243, 245, 246, 247, 248, 249, 250, 253, 254, 255, 258, 260, 261, 262, 263, 264, 265, 266, 268, 269 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>9-ാം വകുപ്പ്</u>

271,274, 278, 280 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

280. In Clause 9(b), the figures and words " 30th June 2018" shall be substituted with " 31st December 2018" .

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>10-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

322. In clause 10 (6) (a), for the words " to sub-section (1), the following proviso shall be inserted, namely:-" the following shall be inserted, namely:-

" (a) in sub-section(1),-

(i) for the words " 31st March, 2016, the words " 31st March, 2017" shall be substituted;

(ii) the following proviso shall be added, namely:-"

281, 283, 285, 286, 287, 288, 289, 290, 294, 295, 297, 299, 300, 301, 302, 304, 305, 307, 308, 309, 311 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

288. In the proviso to sub-section (1) of section 25E of the Kerala value Added Tax Act, 2003 proposed to be inserted by clause 10(6) (a), the words " specified in sub-section (1) " shall be deleted" .

295. In Clause 10 (6) (c), for the word " June" substitute the word " September" .

299. In Clause 10(7) (b), for the word " June" substitute the word " September" .

300. In section 31B (a) proposed to be inserted in the Kerala Value Added Tax Act, 2003 by Clause 10(8), for the figure and letters " 20th" substitute the figures and letters " 30th" .

302. In section 31B (b) proposed to be inserted in the Kerala Value Added Tax Act, 2003 by Clause 10(8), for the figure and letters " 20th" substitute the figures and letters " 30th" .

308. In section 31B (c) proposed to be inserted in the Kerala Value Added Tax Act, 2003 by Clause 10 (8), for the figures " 12" substitute the figures " 36" .

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>11-ാം വകുപ്പ്</u>

317, 319, 320, 321 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>12-ാം വകുപ്പ്</u>

(ഭേദഗതിയില്ല.)

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>1-ാം വകുപ്പും പീഠികയും പേരും</u>

90, 91, 92 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യവും കയറും വകുപ്പുമന്ത്രി <u>(ഡോ. ടി. എം. തോമസ് ഐസക്)</u>: 2018-ലെ കേരള ധനകാര്യ ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി <u>(ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി)</u>: പ്രമേയത്തെ പിന്താങ്ങുന്നു.

2018-ലെ കേരള ധനകാര്യ ബിൽ പാസ്സാക്കണമെന്ന പ്രമേയം 35-നെതിരെ 77 വോട്ടുകളോടെ സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(ii) <u>2018-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ</u>

<u>2-ാം വകുപ്പ്</u>

99, 100, 101, 102, 103, 105, 106, 107, 111, 113, 114, 116, 117 എന്നീ നമ്പർ

ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

89, 90, 91, 92, 94, 95, 96 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): 2018-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): പ്രമേയത്തെ പിന്താങ്ങുന്നു.

2018-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം 35-നെതിരെ 77 വോട്ടുകളോടെ സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(iii) 2018-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. എ. കെ. ബാലൻ: പ്രതിവർഷം 50,000 രൂപയെന്ന പരിധിക്ക് വിധേയമായി നിയമസഭാ സാമാജികർക്ക് സഭാ സമ്മേളനങ്ങളിലും സമിതി യോഗങ്ങളിലും പങ്കെടുക്കുന്നതിന് വിമാനയാത്രാ ബത്തയ്ക്ക് അർഹത നൽകുന്ന രീതിയിൽ 5 D എന്ന പുതിയ വകുപ്പ് ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. പി. കെ. ശശി: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. റോജി എം. ജോൺ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-

ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>2-ഉം 3-ഉം 4-ഉം വകുപ്പുകൾ</u>

(ഭേദഗതിയില്ല)

2-ഉം 3-ഉം 4-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു. 2-ഉം 3-ഉം 4-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

<u>5-ാം വകുപ്പ്</u>

71-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

70. In section 5D proposed to be inserted in the principal Act by Clause 5 for the words " only for Assembly Committee meetings" , the

words " for attending the meetings of the Legislative Assembly or of any Committee thereof" shall be substituted.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>6-ഉം 7-ഉം 8-ഉം 9-ഉം വകുപ്പുകൾ</u>

(ഭേദഗതിയില്ല)

6-ഉം 7-ഉം 8-ഉം 9-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു. 6-ഉം 7-ഉം 8-ഉം 9-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

<u>10-ാം വകുപ്പ്</u>

72-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2018-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കി.

(iv) 2018-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും

നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. എ. കെ. ബാലൻ: ബിൽ അവതരിപ്പിച്ചപ്പോൾ എക്സ് എം.എൽ.എ.-മാരുടെ പെൻഷനുമായി ബന്ധപ്പെട്ട കാര്യം പരാമർശിച്ചിരുന്നില്ല. രണ്ടുവർഷത്തിൽ താഴെയുള്ള കാലയളവിൽ 6,000 രൂപയായിരുന്ന പെൻഷൻ 8,000 രൂപയായും രണ്ടുവർഷത്തേയ്ക്ക് 7,000 രൂപയായിരുന്ന പെൻഷൻ 8,000 രൂപയായും മൂന്നുവർഷത്തേയ്ക്ക് 8,000 രൂപയായിരുന്ന പെൻഷൻ 12,000 രൂപയായും നാല് വർഷത്തേയ്ക്ക് 9,000 രൂപയായിരുന്ന പെൻഷൻ 16,000 രൂപയായും അഞ്ച് വർഷത്തേയ്ക്ക് 10,000 രൂപയായിരുന്ന പെൻഷൻ 20,000 രൂപയായും വർദ്ധിപ്പിക്കുകയാണ്. അഞ്ചുവർഷത്തിൽ കൂടുതൽ കാലയളവിൽ അംഗമായി സേവനമനുഷ്ഠിച്ചിട്ടുള്ളപക്ഷം അഞ്ചുവർഷത്തിൽ കൂടുതൽ വരുന്ന ഓരോ വർഷത്തേയ്ക്കും പ്രതിമാസം 750 രൂപ അധിക പെൻഷനായി അനുവദിച്ചിരുന്നത് 1,000 രൂപയായും എഴുപത് വയസ് പൂർത്തിയാകുന്ന മുറയ്ക്ക് പ്രതിമാസം 2,500 രൂപ

അഡീഷണലായി അനുവദിച്ചിരുന്നത് 3,000 രൂപയായും എൺപത് വയസ് പൂർത്തിയാകുന്ന മുറയ്ക്ക് അനുവദിച്ചിരുന്ന 3,000 രൂപ 3,500 രൂപയായും ഉയർത്തുന്നു. എക്സ് എം.എൽ.എ.-മാർക്ക് അനുവദിച്ചിരുന്ന 24,000 രൂപയുടെ ട്രാവൽ കൂപ്പൺ 75,000 രൂപയായി ഉയർത്തുകയാണ്.

ശ്രീ. ആന്റണി ജോൺ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. അനിൽ അക്കര: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>2-ാം വകുപ്പ്</u>

(ഭേദഗതിയില്ല)

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>3-ാം വകുപ്പ്</u>

70-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>1-ാം വകുപ്പും പീഠികയും പേരും</u>

(ഭേദഗതിയില്ല)

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ബാലൻ</u>): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ കേരള

നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2018-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കി.

**അറിയിപ്പ്**

ബിൽ വേവ് ചെയ്യുന്നത് സംബന്ധിച്ച്

മി. സ്പീക്കർ: ഇന്ന് രാവിലെ ചേർന്ന കാര്യോപദേശക സമിതി യോഗത്തിന്റെ തീരുമാനപ്രകാരം 2018-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ, (ബിൽ നമ്പർ 130) ഇന്ന് സഭയിൽ അവതരിപ്പിക്കേണ്ടതും നാളെത്തന്നെ പാസ്സാക്കേണ്ടതുമാണ്. 2018 മാർച്ച് 31-നുമുമ്പ് ഈ ബിൽ നിയമമാക്കേണ്ട അടിയന്തര സാഹചര്യം പരിഗണിച്ചാണ് ഇത്തരത്തിൽ ഒരു നിർദ്ദേശം കാര്യോപദേശക സമിതി അംഗീകരിച്ചത്. ചട്ടങ്ങളിൽ ഇളവ് വരുത്തി പ്രസ്തുത ബില്ലിന്റെ അവതരണത്തിനും പരിഗണനയ്ക്കും സഭയുടെ അനുമതി ആവശ്യമാണ്.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും

നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): "27-3-2018-ന് ചേർന്ന കാര്യോപദേശക സമിതിയുടെ യോഗ തീരുമാനപ്രകാരം ഇന്നത്തെ കാര്യവിവരപട്ടിക ഭാഗികമായി ഭേദഗതി ചെയ്തുകൊണ്ട് 2018-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ ഇന്ന് സഭയിൽ അവതരിപ്പിക്കുന്നതും പ്രസ്തുത ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കാതെ 2018 മാർച്ച് 28-ന് പരിഗണിക്കുന്നതിനായി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 76(1) താൽക്കാലികമായി സസ്പെന്റ് ചെയ്യുന്നതിന് സഭ തീരുമാനിക്കുന്നു"എന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ഇത് ഒരു അസാധാരണ സംഭവമാണ്. 2018-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ മാർച്ച് 31-ന് മുമ്പ് പാസ്സാക്കണമെന്ന കാര്യം ഗവൺമെന്റിന് നേരത്തെ അറിയാവുന്നതാണ്. ഇത്തരം കീഴ്വഴക്കങ്ങൾ സഭയിൽ ഉണ്ടാകുന്നത് ശരിയല്ല. ഇത്തരം പ്രവണതകൾ ആവർത്തിക്കാതിരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

ശ്രീ. എ. കെ. ബാലൻ: ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ

നടപടി സ്വീകരിക്കുന്നതാണ്.

മി. സ്പീക്കർ: പ്രതിപക്ഷ നേതാവ് ഉന്നയിച്ചത് പ്രസക്തമായ കാര്യമാണ്. ഇത്തരം ഒരു സാഹചര്യം ഒഴിവാക്കേണ്ടതായിരുന്നു. ഇത് മേലിൽ ആവർത്തിക്കില്ലെന്ന് മന്ത്രി പ്രസ്താവിച്ചുകഴിഞ്ഞു. നാളെ ബിൽ പരിഗണനയ്ക്ക് വരുമ്പോൾ ഒരു മണിക്കൂർ പൊതുചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നതാണ്.

(v) 2018-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): 2018-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. കെ. സി. ജോസഫ്: ഈ സഭയുടെ ചരിത്രത്തിൽ ഇന്നുവരെ ഉണ്ടാകാത്ത ഒരു സംഭവമാണിത്. ധനകാര്യ വകുപ്പിന്റെ പിടിപ്പുകേടുകൊണ്ടാണ് ഇത് സംഭവിച്ചത്. മാർച്ച് 31-ന് മുമ്പ് പ്രസ്തുത ബിൽ അവതരിപ്പിക്കണമെന്ന് അറിയാമായിരുന്ന ധനകാര്യ വകുപ്പ് അത് ചെയ്യാതിരുന്നത് വലിയ വീഴ്ചയാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഇത് സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കാത്ത സാഹചര്യത്തിൽ നാളെ ബിൽ ചർച്ചയ്ക്ക് വരുമ്പോൾ സബ്ജക്ട് കമ്മിറ്റി അംഗങ്ങൾക്ക് പരസ്യമായി ഡിസെന്റ് ചെയ്യാനുള്ള അവകാശം ഉറപ്പാക്കണം.

<u>മി. സ്പീക്കർ</u>: ഈ സഭയുടെ പ്രാതിനിധ്യമാണ് സബ്ജക്ട് കമ്മിറ്റി. സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്യുന്നതിന് തുല്യമാണ് സഭയിൽ ചർച്ച ചെയ്യുന്നത്.

(സഭ വൈകുന്നേരം 4.48-ന് പിരിഞ്ഞു.)

*****